II ഇ.ബി. XIV - കേരള നിയമസഭ/XVIII-3

**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2020 ഫെബ്രുവരി 05, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

6 (*61) മദ്യ ഉല്പാദക യൂണിറ്റുകൾക്ക് ലൈസൻസ്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ ശിപാർശ പ്രകാരം പഴവർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവയിൽ നിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ തുടങ്ങിയ പാനീയങ്ങൾ ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടെന്നും

കശുമാങ്ങയിൽ നിന്നും മദ്യമുണ്ടാക്കി വിപണനം ചെയ്യുന്ന പദ്ധതിക്കായി അബ്കാരി ആക്റ്റിനുകീഴിൽ ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ എന്നിവയുടെ സഹായത്തോടുകൂടി നടപ്പാക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരികയാണെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവയിൽനിന്നും കള്ള് ഷാപ്പുകൾക്കും ബിവറേജസ് ഔട്ട്ലെറ്റുകൾക്കും നിശ്ചയിച്ചിരുന്ന ദൂരപരിധിയിൽ സർക്കാർ മാറ്റം വരുത്തിയിട്ടില്ലെന്നും ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകളുടെ ദൂരപരിധി 50 മീറ്ററായിരുന്നത് പുനഃസ്ഥാപിക്കുക മാത്രമാണ് ചെയ്തതെന്നും ബ്രൂവറി അനുവദിച്ചതുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് ചർച്ചചെയ്ത് തുടർനടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്തുടനീളം ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും എന്നാൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൗൺസിലിംഗ് സൗകര്യംകൂടി ലഭ്യമായതിനാൽ പ്രസ്തുത സെന്ററുകളിലെ കിടക്കകളുടെ എണ്ണം ഇരട്ടിയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും

ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ താലൂക്കുകളിലും ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇത്തരം കേന്ദ്രങ്ങളിലെത്തുന്നവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ കോഴിക്കോട് കിനാലൂരിൽ പുനരധിവാസ പദ്ധതി നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും മന്ത്രി അറിയിച്ചു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിൽപ്പന നടത്തുന്നതിനെതിരെ കർശന പരിശോധന നടത്തി ബോധവൽക്കരണം നടത്തിവരുന്നുണ്ടെന്നും നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ യുവ എഞ്ചിനീയർമാരെ കള്ളക്കേസിൽ കുടുക്കാനിടയായ സംഭവം എക്സൈസ് കമ്മീഷണർ അന്വേഷിച്ചുവരികയാണെന്നും ഒരു നിരപരാധിയുടെയും പേരിൽ കേസ് എടുക്കുകയോ ശിക്ഷാ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും ലഹരി വർജ്ജന ബോധവൽക്കരണവുമായി ബന്ധപ്പെട്ട് ഏത് സംഘടനകൾ പ്രവർത്തിച്ചാലും അതിനെ സ്വാഗതം ചെയ്യുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7 (*62) ക്ഷേമനിധി ബോർഡുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ക്ഷേമനിധി ബോർഡുകൾ മുഖേന വിവിധ പദ്ധതികൾ നടപ്പാക്കിയും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നുണ്ടെന്നും ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണത്തിന് വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ചെലവ് കുറച്ച് സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനായി സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും മുൻ സർക്കാരിന്റെ കാലത്തുണ്ടായ കുടിശ്ശിക തീർക്കുന്നതിന് രണ്ട് ഗഡുക്കളായി 130 കോടി രൂപ അനുവദിച്ച് തുക വിതരണം ചെയ്തുവരുന്നുണ്ടെന്നും തൊഴിലാളികളുടെ അംശദായവും ഭ്രവുടമാ വിഹിതവും വർദ്ധിപ്പിച്ച് ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി അറിയിച്ചു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് രൂപീകരിച്ച് ചികിത്സാ സഹായമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും ഈ ഗവൺമെന്റ് വന്നശേഷം തയ്യൽ തൊഴിലാളികൾക്ക് പ്രസവ ധനസഹായമായി 3,26,43,000/- രൂപ

വിതരണം ചെയ്തിട്ടുണ്ടെന്നും അക്ഷയ കേന്ദ്രങ്ങളിൽ ജോലിചെയ്യുന്നവരെ അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സെസ്സ് പിരിവുമായി ബന്ധപ്പെട്ട് പരാതിയുണ്ടെങ്കിൽ പരിശോധിക്കുന്നതാണെന്നും കാര്യക്ഷമമായി പ്രവർത്തിക്കാത്ത ക്ഷേമനിധികളുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും ചാത്തന്നൂരിൽ ആരംഭിക്കാനുദ്ദേശിക്കുന്ന കൺസ്ട്രക്ഷൻ അക്കാദമിയുടെ ഡി.പി.ആർ. അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടികളുമായി മുന്നോട്ടുപോകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8 (*63) <u>വനാതിർത്തിയിലുള്ള ഭൂമിയുടെ ക്രയവിക്രയ നിയന്ത്രണം</u>

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, വനഭൂമിയുമായി ചേർന്നു കിടക്കുന്ന സ്വകാര്യഭൂമി കൈമാറുന്നതിന് വനം വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന നിബന്ധന ഏർപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും എൻ.ഒ.സി. അനുവദിക്കുമ്പോൾ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം

നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഓരോ ഫോറസ്റ്റ് സ്റ്റേഷനിലും സൂക്ഷിക്കേണ്ടതാണെന്നും നിരാക്ഷേപപത്രം സംബന്ധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതാണെന്നും വനാതിർത്തി നിർണ്ണയിക്കുന്നതിന് സർവ്വേ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണെന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. വനമേഖലയിലെ കയ്യേറ്റഭൂമിക്ക് എൻ.ഒ.സി. നൽകാൻ കഴിയില്ലെന്നും 01-01-1977-ന് മുമ്പുള്ള റിസർവ് വനത്തിലെ കയ്യേറ്റങ്ങൾ 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമ പ്രകാരമുള്ള അനുമതിക്ക് വിധേയമായി മാത്രമേ ക്രമപ്പെടുത്താൻ സാധിക്കുകയുള്ളൂവെന്നും പരാതി നിലനിൽക്കുന്ന സ്ഥലങ്ങളുടെ സർവ്വേ, അതിർത്തി പുനർനിർണ്ണയം, ജണ്ട നിർമ്മാണം എന്നിവ കേസുകളുടെ അന്തിമ വിധിക്കനുസരിച്ച് മാത്രമേ സാധിക്കുകയുള്ളൂവെന്നും വനാതിർത്തി സർവ്വേ ജോലികൾ ത്വരിതപ്പെടുത്തുന്നതിനായി 240 ബീറ്റ്/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് ആധുനിക സർവ്വേയിൽ പരിശീലനം നൽകിയിട്ടുള്ളതുകൂടാതെ വനാതിർത്തികളിൽ 47,500 സ്ഥിരം ജണ്ടകൾ സ്ഥാപിച്ചിട്ടുണ്ടെന്നും എൻ.ഒ.സി. നൽകുന്നതിലെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ആധുനിക രീതിയിലുള്ള റിക്കാർഡ് റൂം

കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വനാതിർത്തിയോട് ചേർന്ന ജനവാസ മേഖലകളിലെ റോഡ് നിർമ്മാണത്തിന് നിയമാനുസൃതമായി അപേക്ഷ നൽകിയാൽ അനുമതി നൽകുന്നകാര്യം പരിഗണിക്കുന്നതാണ്. സോഷ്യൽ ഫോറസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ പരിസ്ഥിതി ദിനത്തിലും 75 ലക്ഷം വരെ വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുകയും അവ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വനഭൂമി പൊതു ആവശ്യത്തിന് ലഭ്യമാക്കുന്നതിന് യൂസർ ഏജൻസി നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകിയാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾഫ്രീ നമ്പർ, എസ്.എം.എസ്. സംവിധാനം, ഫയർ റെസ്പോണ്ടർ വെഹിക്കിൾ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കാട്ടുതീ തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 716 മുതൽ 1070 വരെയുള്ള ചോദ്യങ്ങളിൽ 172 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)